# ആണ്ടവൻ തുണൈ, അദാനി തുണൈ

ഡി. ബാബു പോൾ

കുന്നത്തുനാട് താലൂക്കിൽ കുറുപ്പംപടി എന്ന ദേശത്ത് ഒരു കൊലുന്നുപെണ്ണ് ഉണ്ടായിരുന്നു. ക്ഷയം, അപസ്മാരം, കാലിൽ ആണി എന്നീ രോഗങ്ങൾ അവളെ അലങ്കരിച്ചിരുന്നു. നേരെ നിൽക്കുമ്പോൾ 'എസ്' കത്തിപോലെയിരിക്കും. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിസഖാവിൻെറ മുന്നിൽ അങ്ങനെ നിൽക്കുന്ന ഒരു ഐ.എ.എസ്സുകാരനെ പിൽക്കാലത്ത് കണ്ടിട്ടുണ്ട്. ആ ചിത്രം മായാതെ മനസ്സിലുണ്ടെങ്കിലും മുഖ്യമന്ത്രിയുടെയോ പീയെസിൻെറയോ പേരുപറയാത്തത് ആ ഉദ്യോഗസ്ഥനെ ആരും തിരിച്ചറിയാതിരിക്കാനാണ്. അത് കഥ വേറെ.

ഈ കൊലുന്നുപെണ്ണ്– സഹതാപാർഹയായ കമലാക്ഷി– ഗർഭിണിയായി. കുഞ്ഞുവർക്കി എന്നൊരു നാട്ടുചട്ടമ്പിയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടതിനാലാണ് ഗർഭം ധരിച്ചത്. അന്നൊക്കെ അങ്ങനെയാണ്. ഗർഭം ധരിക്കണമെങ്കിൽ ലൈംഗികബന്ധം നിർബന്ധമാണ്. പീഡിപ്പിച്ചാൽ ഗർഭം ധരിക്കും എന്ന തലത്തിലേക്ക് മലയാളഭാഷ വളർന്നിട്ടില്ല. കമലാക്ഷിയുടെ ഗർഭം ഭാഷയ്ക്ക് നൽകിയ സംഭാവനയാണ് 'പണ്ടേ ദുർബല, പിന്നെ ഗർഭിണി' എന്നായിരുന്നു എൻെറ വിചാരം. അധ്യാപികയായിരുന്ന അമ്മ ഹെഡ്മാസ്റ്ററായിരുന്ന അച്ഛനോട് നാട്ടുവിശേഷം പറഞ്ഞ കൂട്ടത്തിൽ കമലാക്ഷിയുടെ ദുഃഖത്തെക്കുറിച്ചുള്ള കഥാപ്രസംഗം, 'പണ്ടേ ദുർബല...' എന്നുപറഞ്ഞ് ഉപസംഹരിച്ചതുകൊണ്ടാണ് ബുദ്ധിമാനായ ബാബു ബാല്യത്തിൽത്തന്നെ ഈ ശൈലിനിഷ്പത്തി ഗ്രഹിച്ചത്.

ഈ ചട്ടമ്പിക്കുഞ്ഞുവർക്കി ഒരിക്കൽ അന്തിച്ചന്തയുടെ നേരത്ത് പെറ്റതള്ളയെ അടിച്ചു. ഉണക്കമീനും ചക്കക്കുരുവും ഇരിമ്പൻപുളിയും വിൽക്കുന്ന അമ്മയോട് കള്ളുകുടിക്കാൻ കാശ് ചോദിച്ചു. അമ്മ കൊടുത്തില്ല. മകൻ കൊടുത്തു, ഒറ്റയടി. അത് നാട്ടിൽ വലിയ ചർച്ചയ്ക്ക് വഴിവെച്ചു. ഉണക്കമീൻ ത്രേസ്യയെ ആരായാലും തല്ലിപ്പോകും എന്ന് ഒരുപക്ഷം. ആൾ എത്ര മോശമായാലും തള്ള തള്ളയല്ലേ എന്ന് മറുപക്ഷം. മദാമ്മയുടെ വിവർത്തകനിൽ പുനരുക്തിദോഷം ആരോപിച്ച 'ഹയർ' പതിവുപോലെ രംഗത്തെത്തി. 'തസ്യാജനനീ ശേവാസ്തു ജനനീക്ലേശകാരണഃ' എന്ന് 'ശിശുപാലവധ'ത്തിൽ പറഞ്ഞിട്ടുണ്ടത്രേ. ത്രേസ്യക്ക് പ്രസവക്ലേശം നൽകാൻ മാത്രമാണ് കുഞ്ഞുവർക്കിയുടെ ജനനം ഉതകിയിട്ടുള്ളത് എന്ന് 'ഹയർ' സ്ഥാപിച്ചു. അതോടെ, 'മുന്നിരുട്ടാണ്, പോട്ടെ' എന്ന് പറഞ്ഞുകൊണ്ട് മാന്യന്മാർ ഓരോരുത്തരായി സ്ഥലംവിട്ടു.

അങ്ങനെ ആ ചർച്ച അവസാനിച്ചു. കുഞ്ഞുവർക്കിയുടെ ജനനത്തെക്കുറിച്ച് 'ശിശുപാലവധ'ത്തിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് ഗ്രഹിക്കാതെ ബാബു എന്ന ജ്ഞാനദാഹിക്ക് ഉറങ്ങാനാവുമായിരുന്നില്ല. അതുകൊണ്ട് നേരെ സംസ്കൃതഗുരു അമ്പാടി ഭാസ്കരമേനോൻ സാറിൻെറ അടുക്കൽ പോയി. സന്ദർഭം വിവരിച്ചപ്പോൾ സാറിന് ആശയം വിശദീകരിക്കാനായി. ശ്ലോകം അന്നുതന്നെ കുറിച്ചെടുത്തു. ആദ്യ വരി മറന്നുപോയി. ജീവിതം എത്ര നിന്ദ്യമാകാം എന്നോ മറ്റോ ആണ് ശ്ലോകസാരം. ശ്ലോകം മറന്നെങ്കിലും പാഠം മറന്നില്ല. മകൻ അമ്മയെ തല്ലിയാലും നാട്ടുകാർ രണ്ടുപക്ഷമായി തിരിഞ്ഞ് തർക്കിക്കും. 'അമ്മേ തല്ലിയാലും രണ്ടുപക്ഷം'. അത് മേനോൻ സാറിൻെറ സൂക്തം എന്നായിരുന്നു അന്ന് ധരിച്ചത്. സാർ പറഞ്ഞിട്ടാണല്ലോ ഞാൻ അത് ആദ്യം കേട്ടത്. ഇങ്ങനെ രണ്ട് പഴഞ്ചൊല്ലുകൾ ഓർമ്മവരാൻ കാരണം വിഴിഞ്ഞം തുറമുഖ പദ്ധതിയെക്കുറിച്ച് കേൾക്കുന്ന വാദപ്രതിവാദങ്ങളാണ്. വിഴിഞ്ഞം വന്നാൽ നാട് മുടിയും എന്ന് ഒരുകൂട്ടർ. ഭൂമി സ്വർഗ്ഗമാകും എന്ന് മറുപക്ഷം. അദാനിയെ സൂക്ഷിക്കണം എന്ന് വേറെ ചിലർ. 'വേണ്ടണം' എന്ന് നാലാംകൂർ.

തുടക്കം മുതൽ തുടങ്ങാം. കേരളതീരത്ത് കപ്പലുകൾ അടുത്തതിനെക്കുറിച്ച് ബൈബിൾ പറയുന്നുണ്ട്. മൂവായിരത്തിലേറെ വർഷങ്ങൾക്കപ്പുറം, ജീവിച്ചിരുന്ന ശലോമോൻ(സോളമൻ) കപ്പലുകൾ പണിതു. ആ കപ്പലുകളിൽ 'മൂന്ന് സംവത്സരത്തിൽ ഒരിക്കൽ പൊന്ന്, വെള്ളി, ആനക്കൊമ്പ്, കുരങ്ങ്, മയിൽ എന്നിവ കൊണ്ടുവന്നു' (പഴയനിയമം, രാജാക്കന്മാരുടെ പുസ്തകം) പോരെങ്കിൽ അതിനും നൂറ്റാണ്ടുകൾ മുമ്പ് സുഗന്ധലവംഗവും വഴനത്തൊലിയും സമാഗമന കൂടാരത്തിൽ ഉപയോഗിക്കാനും കല്പനയുണ്ടായിരുന്നു. രണ്ടും നമ്മുടെ മലനാട്ടിൽ മാത്രം കിട്ടിയിരുന്നവ.

ക്രി.മു. 100 മുതൽ രണ്ട് നൂറ്റാണ്ടുകാലം മുസിരിസ് വഴി വാണിജ്യം നടന്നു. 1341ൽ കൊടുങ്ങല്ലൂരിൽ മണ്ണടിയുകയും കൊച്ചിയിൽ അഴിമുഖം തുറക്കുകയും ചെയ്തു എന്ന് നമുക്കറിയാം. എന്നാൽ, ഇരുപതാംനൂറ്റാണ്ട് വരെ കപ്പലുകൾ നങ്കൂരമിട്ടത് പുറംകടലിൽ ആയിരുന്നു.

മുസരിസിന് ശേഷം കൊച്ചി. ഗാമ, കബ്രാൾ, വാൻറീഡ്, ആസ്പിൻവോൾ തുടങ്ങി ബ്രിസ്റ്റോ വരെയുള്ള ചരിത്രം ഇവിടെ പ്രസക്തമല്ല. ബ്രിസ്റ്റോയുടെ 'കൊച്ചിൻ സാഗ'യും എൻെറ 'എ ക്വീൻസ് സ്റ്റോറി' എന്ന ചരിത്രകൃതിയും താല്പര്യമുള്ളവർക്ക് വായിക്കാം. ഏതെങ്കിലും ലൈബ്രറിയിൽ കാണാതിരിക്കയില്ല.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ കൊച്ചിയിൽ വേണ്ടിവരാവുന്ന ഡ്രഡ്ജിങ്ങിനെക്കുറിച്ച് ബ്രിസ്റ്റോ പറഞ്ഞതിനേക്കാൾ ശരി, മദ്രാസ് തുറമുഖം രൂപകല്പന ചെയ്ത റോബർട്ട്സൺ, കൊളംബോ തുറമുഖത്തിൻെറ കൺസൾട്ടൻറുമാരായിരുന്ന കൂഡ്, സൺ ആൻഡ് മാത്യൂസ് എന്ന കമ്പനി, ചിറ്റഗോങ് തുറമുഖത്തെ ചീഫ് എൻജിനിയർ ആയിരുന്ന ബെൽ എന്നിവരും മദ്രാസിലെയും ബോംബെയിലെയും എൻജിനിയർമാരും പറഞ്ഞതായിരുന്നു എന്ന് സമ്മതിക്കേണ്ടിവരും. കൊച്ചി അഴിമുഖം കപ്പലുകൾക്ക് കടന്നുപോകാൻ പാകത്തിൽ നേരെയാക്കിയാലും വമ്പൻ ബ്രേക്ക്‌വാട്ടറുകൾ കൂടാതെ പടിഞ്ഞാറുനിന്നുള്ള മണ്ണടിയൽ തടയാനാവുകയില്ലെന്നും കിഴക്കുനിന്ന് വന്നടിയുന്ന എക്കൽ ഗുരുതരമായ പ്രശ്നം സൃഷ്ടിക്കുമെന്നും ഒക്കെയായിരുന്നു അവർ കരുതിയത്. ഏതായാലും ബ്രിസ്റ്റോ ജയിച്ചു.

കൊച്ചി ഒരു മേജർ തുറമുഖം ആയത് ആലപ്പുഴയ്ക്കും തിരുവിതാംകൂറിനും ക്ഷീണമായി. ആലപ്പുഴയെ കൊച്ചിയുടെ ഉപഗ്രഹമാക്കി സംരക്ഷിക്കാൻ ബ്രിസ്റ്റോ ഒരുഘട്ടത്തിൽ തയ്യാറായിരുന്നുവെങ്കിലും എത്ര മെലിഞ്ഞാലും ആനയെ തൊഴുത്തിൽ കെട്ടരുത് എന്ന് സർ സി.പി. വാശിപിടിച്ചു. വൈസ്രോയിയോട് മല്ലുപിടിക്കുന്നതിന് പകരം കൊച്ചിയുടെ സാധ്യതകൾ തിരുവിതാംകൂറിനുവേണ്ടി പ്രയോജനപ്പെടുത്തുകയാണുവേണ്ടത് എന്ന് തിരിച്ചറിഞ്ഞ സി.പി., കൊച്ചിയോട് ഏറ്റവും അടുത്ത് തിരുവിതാംകൂറിൻെറ മണ്ണിൽ ഉദ്യോഗമണ്ഡൽ എന്ന വ്യവസായ മേഖല രൂപപ്പെടുത്തി. കൊച്ചിയുടെ തുറമുഖം തിരുവിതാംകൂറിൻെറ വികസനത്തിന് ഉപയോഗപ്പെടുത്താൻ ആ ധിഷണാശാലിക്ക് കഴിഞ്ഞു. ഒപ്പം സി.പി. കണ്ടെത്തിയ ഒരു സാധ്യതയായിരുന്നു വിഴിഞ്ഞം. കൊച്ചിയെക്കുറിച്ച് നടന്ന ചർച്ചകളും പഠനങ്ങളുമെല്ലാം ആ ബുദ്ധിരാക്ഷസൻ വിശദമായി ഗ്രഹിച്ചിട്ടുണ്ടാവണം.

അവിടെനിന്ന് കിട്ടിയ അറിവുകളുടെ വെളിച്ചത്തിൽ, വിഴിഞ്ഞത്ത് കടലിൽ ഒരു തുറമുഖം, ബ്രേക്ക്‌വാട്ടറുകൾകൊണ്ട് സംരക്ഷിക്കുന്ന തുറമുഖ കവാടത്തെ വെള്ളായണിക്കായലുമായി ബന്ധിപ്പിക്കുന്ന ഒരു കപ്പൽച്ചാൽ, വെള്ളായണിയിൽ കയറ്റിറക്കുസൗകര്യങ്ങൾ എന്നിങ്ങനെയാണ് സി.പി. സങ്കല്പിച്ചത്. കടലോരത്ത് ഏറ്റവും കുറഞ്ഞ ആഘാതം പരിസ്ഥിതിക്ക്. ഇരുപതാം നൂറ്റാണ്ടിലെ സങ്കല്പമനുസരിച്ചുള്ള യുദ്ധങ്ങളിൽനിന്ന് തുറമുഖത്തെ കപ്പലുകൾക്ക് സംരക്ഷണം. വെള്ളായണിയിൽനിന്ന് എം.സി. റോഡ് വഴി തിരുവിതാംകൂറിൻെറ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ ഗതാഗതസൗകര്യം. ടി.എസ്.

